# ജനാസയിൽ അനുവദനീയമായതും പാടില്ലാത്തവയും

[Malayalam -മലയാളം - مليالم ]

## ﴿ الممنوع والجائز في أحكام الجنائز ﴾


ശൈഖ് :സത്വാമുബ്നു ആഇദുൽ ഹർറി

الشيخ/ سطام بن عائض الحرِّي

വിവർത്തനം: ശാകിർ ഹുസൈൻ സ്വലാഹി മമ്പാട്ടുമൂല

ترجمة :شاكر حسين محمد الصلاحي





**ഇസ്ലാമിക് ഗൈഡൻസ് ഓഫീസ് ,ഥാദിഖ്**

**പോസ്ററ് ബോക്സ് 169, ഥാദിഖ് 11953**

**റിയാദ് മേഖല , സൗദി അറേബ്യ**

المكتب التعاوني للدعوة والإرشاد وتوعية الجاليات بمحافظة

ثادق والمحمل

ص.ب 169 ثادق-11953

منطقة الرياض

المملكة العربية السعودية

Web edition by:

islamhouse.com

1432 – 2011

بسم الله الرحمن الرحيم

## വിവർത്തകക്കുറിപ്പ്

ശൈഖ് സത്വാമുബ്നു ആഇദുൽഹർറിയുടെ (الممنوع والجائز في أحكام الجنائز)എന്ന അറബി ഗ്രന്ഥമാകുന്നു ജനാസയിൽ പാടില്ലാത്തതും അനുവദനീയമായതും എന്ന പേരിൽ വിവർത്തനം ചെയ്തിരിക്കുന്നത് സാധാരണ ആളുകൾക്കിടയിൽ കണ്ടു വരുന്നതും സുന്നത്തിലില്ലാത്തതുമായ വിഷയങ്ങളെ പ്രമാണ സഹിതം സമർത്ഥിക്കുകയാണ് ഗ്രന്ഥകർത്താവ് ചെയ്തിരിക്കുന്നത് സമൂഹത്തിൽ നിന്നും അസ്തമിച്ചു പോയ പ്രധാനപ്പെട്ട സുന്നത്തുകൾക്ക് പ്രത്യേകം ഊന്നൽ നൽകുകയും ചെയ്തിരിക്കുന്നു അറേബ്യൻ സാഹചര്യത്തിലെഴുതിയ കൃതിയായതിനാൽ ചില വിഷയങ്ങൾ മറ്റു പ്രദേശങ്ങളിൽ കാണണമെന്നില്ല. വിവർത്തനത്തിൽ ഗ്രന്ഥകർത്താവ് സൂചിപ്പിച്ച കാര്യങ്ങൾ അതെ പ്രകാരം മൊഴിമാറ്റം നടത്തുക മാ



ത്രമാണ് വിവർത്തകൻ ചെയ്തിട്ടുള്ളത് എങ്കിലും തെറ്റുകളിൽ നിന്ന് മുക്തമെന്നവകാശപ്പെടരുതല്ലോ!

ശ്രദ്ധയിൽപെടുന്ന സ്ഖലിതങ്ങൾ സൂചിപ്പിക്കാൻ അനുവാചകരോട് വിനയത്തോടെ അപേക്ഷിക്കുന്നു. സഹായിച്ച, നിർദേശങ്ങൾ നൽകിയ, പരിശോധിച്ച എല്ലാ സുഹൃത്തുക്കളെയും നന്ദിപൂർവം സ്മരിക്കുന്നു അവർക്കെല്ലാവർക്കും സർവ്വശക്തൻ അർഹമായ പ്രതിഫലം നൽകട്ടെ എന്ന് പ്രാർഥിക്കുക്കുന്നു നാഥാ ഇതൊരു സൽകർമമായി സ്വീകരിക്കേണമേ! ആമീൻ

**ശാകിർ ഹുസൈൻ സ്വലാഹി**

## (പാടില്ലാത്തവ) المخالفا ت

### 1) മയ്യിത്ത് നമസ്കാരം നിർവ്വഹിക്കുന്നതിനെ നിസ്സാരമാക്കൽ.

ബുഖാരി, മുസ്‌ലിം പോലുളള ഹദീസ് ഗ്ര ന്ഥങ്ങളിൽ മയ്യിത്ത് നമസ്കാരത്തിൻെറ ശ്രേഷ്ഠ ത വിവരിക്കുന്ന ഹദീസ് നോക്കൂ.

عن أَبِي هُرَيْرَةَ - رضى الله عنه - قَالَ قَـالَ رَسُـولُ اللَّهِ - صـلى الله عليه وسلم – [مَنْ شَهِدَ الْجَنَازَةَ حَتَّى يُصَـلِّيَ عَلَيْهَـا فَلَـهُ قِيرَاطٌ ، وَمَنْ شَـهِدَ حَـتَّى تُـدْفَنَ كَانَ لَهُ قِيرَاطَـانِ] . قِيـلَ وَمَـا الْقِيرَاطَانِ قَالَ « مِثْلُ الْجَبَلَيْنِ الْعَظِيمَيْنِ (صحيح البخـارى – 1325)

അബൂഹുറൈറ(ﷺ)വിൽ നിന്ന് നിവേദനം പ്രവാ ചകതിരുമേനി(ﷺ) പറഞ്ഞു: 'ഒരാൾ മയ്യിത്ത് നമ സ്കരിക്കുന്നത് വരെ ജനാസയെ പിന്തുടർന്നാൽ ഒരു ഖീറാത്ത് പ്രതിഫലമുണ്ട്. ഖബറടക്കുന്നത് വ രെ പിന്തുടർന്നാൽ രണ്ട് ഖീറാത്തും.' ചോദിക്ക



പ്പെട്ടു: എന്താണ് രണ്ട് ഖീറാത്ത്? നബി(ﷺ) പറ ഞ്ഞു: 'രണ്ട് വലിയ പർവ്വതത്തിന് സമാനമായ പ്രതിഫലം'.(ബുഖാരി:1325)

### 2)എല്ലാ തക്ബീറിലും കൈ ഉയർത്താതിരിക്കൽ

ഇബ്നുഉമർ(ﷺ)വും ഇബ്നുഅബ്ബാസ്(ﷺ) വും എല്ലാ തക്ബീറിലും കൈ ഉയർത്തിയതായി ഹദീസിൽ സ്ഥിരപ്പെട്ടിരിക്കുന്നു. ഇബ്നുൽമുബാ റക്, ശാഫി, അഹ്മദ്, ഇസ്ഹാഖ് (ﷺ) എന്നിവരും ശൈഖ് ഇബ്നുബാസ്, ഇബ്നുഉസൈമീൻ (ﷺ) എന്നിവരും തെരെഞ്ഞെടുത്തതും ഈ അഭിപ്രാ യമാകുന്നു.

### 3) താഴെകൊടുത്ത പ്രാർത്ഥന മാത്രം ചൊല്ലൽ

اللّهُمَّ اغْفِرْ لحيِّنا ومَيِّتنا وشاهدنا وغائبنا ، وصَغِيرِنا ، وكبيرِنا ، وذكرِنا وأنثانا......(ترمذي.1029)

ഇതിന്റെ പരമ്പര ചർച്ചാവിധേയമാണ്. ഇതിനേ ക്കാൾ കൂടുതൽ സ്ഥിരപ്പെട്ടതാകുന്നു മുസ്‌ലിം ഉ ദ്ധരിച്ച താഴെകൊടുത്ത ഹദീസിലെ പ്രാർഥന.

وَعَنْ عَوْفِ بْنِ مَالِكٍ رَضِيَ اللهُ عَنْهُ " قَالَ { : صَلَّى رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ عَلَى جِنَازَةٍ فَحَفِظْت مِنْ دُعَائِهِ : اللَّهُمَّ اغْفِرْ لَهُ ، وَارْحَمْهُ ، وَعَافِهِ ، وَاعْفُ عَنْهُ ، وَأَكْرِمْ نُزُلَهُ وَوَسِّعْ مُدْخَلَهُ ، وَاغْسِلْهُ بِالْمَاءِ وَالثَّلْجِ وَالْبَرَدِ ، وَنَقِّهِ مِنْ الْخَطَايَا كَمَا يُنَقَّى الثَّوْبُ الْأَبْيَضُ مِنْ الدَّنَسِ ، وَأَبْدِلْهُ دَارًا خَيْرًا مِنْ دَارِهِ وَأَهْلًا خَيْرًا مِنْ أَهْلِهِ ، وَأَدْخِلْهُ الْجَنَّةَ ، وَقِهِ فِتْنَةَ الْقَبْرِ وَعَذَابَ النَّارِ (مسلم )

‘‘അല്ലാഹുവെ നീ ഈ മയ്യിത്തിന് പൊറുത്തു കൊടുക്കുകയും കരുണ ചെയ്യുകയും മാപ്പുകൊടുക്കുകയും സൗഖ്യം നൽകുകയും ചെയ്യേണമേ! ഇദ്ദേഹത്തിന്റെ ആഥിത്യത്തെ ആദരിക്കുകയും പ്രവേശനസ്ഥലം വിശാലമാക്കുകയും ചെയ്യേണമേ! വെള്ളം, മഞ്ഞുകട്ട, ഹിമം എന്നിവ കൊണ്ട് ഇതിനെ കുളിപ്പിക്കേണമേ. വെള്ള വസ്ത്രം അഴുക്കിൽനിന്ന് ശുദ്ധിയാക്കും വിധം പാപങ്ങളിൽ നിന്നും ശുദ്ധീകരിക്കേണമേ! ഇദ്ദേഹത്തിന് ഇവിടുത്തെ ഭവനത്തേക്കാൾ ഉത്തമമായ വീടിനേയും കുടുംബത്തേക്കാൾ നല്ല കുടുംബത്തേയും ഇണയേക്കാൾ നല്ല ഇണയേയും നീ നൽകേണമേ! ഖബറിലെ ശിക്ഷയിൽ നിന്നും നരകശിക്ഷയിൽനിന്നും രക്ഷ നൽകുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യേണമേ.’’ (മുസ്‌ലിം).



ഇമാംബുഖാരി(ﷺ) പറയുന്നു: ഈ വിഷയസംബന്ധമായി വന്നിട്ടുള്ള ഏറ്റവും പ്രബലമായ ഹദീസാകുന്നു ഇത്.

**4) നമസ്കാരം പിന്തിപ്പിക്കൽ.**

പള്ളിയിൽ വെച്ചുള്ള നമസ്കാരത്തിൽ പങ്കെടുക്കുന്നതിൽ നിന്ന് മനഃപൂർവ്വം വിട്ടു നിൽക്കുകയും ശേഷം മയ്യിത്ത് മറവ് ചെയ്യുന്നതിന് മുമ്പ് സ്ഥിരമായി ശ്മശാനത്തിൽ വെച്ച് നമസ്കരിക്കുകയും ചെയ്യുന്ന സ്വഭാവം ചിലരിൽ കാണാം. മറമാടുന്നതിന് മുമ്പ് ശ്മശാനത്തിൽ വെച്ച് നമസ്കരിക്കുന്ന വിഷയത്തിൽ പണ്ഡിതൻമാർ ഭിന്നിക്കുന്നു. അനുവദിക്കുന്നവർ തന്നെ അനിവാര്യ സാഹചര്യത്തിൽ മാത്രമാണ് അനുവദിക്കുന്നത്. കാരണം അടിസ്ഥാനപരമായി മറമാടുന്നതിന്

മുമ്പുള്ള ശ്മശാനത്തിലെ നമസ്കാരം വിരോധി ക്ക പ്പെട്ടിരിക്കുന്നു.

## 5) പ്രാരംഭ പ്രാർത്ഥന ചൊല്ലൽ.

മയ്യിത്ത് നമസ്കാരത്തിൽ നബി(ﷺ)പ്രാരംഭ പ്രാർത്ഥന ചൊല്ലിയതായി ഹദീസിൽ സ്ഥിരപ്പെ ട്ടിട്ടില്ല. അഊദുവും ഫാത്തിഹയും മാത്രമേ സ്ഥിരപ്പെട്ടു വന്നിട്ടുള്ളൂ.ത്വൽഹത്ത്ബ്നു അബ് ദില്ലാഹിബ്നു ഔഫ് പറഞ്ഞു: ഞാൻ ഇബ്നു അബ്ബാസ്(ﷺ)ന്റെ പുറകിൽ നമസ്കരിച്ചു. അദ്ദേ ഹം ഫാത്തിഹ പാരായണം ചെയ്തു. ശേഷം ഇ പ്രകാരം പറഞ്ഞു: ഇത് നബിചര്യയാണെന്ന് നി ങ്ങൾ മനസ്സിലാക്കാൻ വേണ്ടിയാണ് ഞാൻ ഇത് (ഉറക്കെ)പാരായണം ചെയ്തത് (ബുഖാരി: 1335 ) മയ്യിത്ത് നമസ്കാരം ലഘൂകരിക്കേണ്ടതായതിനാ ൽ അതിൽ പ്രാരംഭ പ്രാർത്ഥനയില്ല എന്ന് ഇമാം അഹ്മദ്(ﷺ) പറഞ്ഞതായി കാണാം. പ്രാരംഭ പ്രാർത്ഥന ഒഴിവാക്കലാണ് നബിചര്യ. ഇമാം അ ഹ്മദ്(ﷺ),ശാഫി(ﷺ) എന്നിവരും മററു മുൻഗാ മികളും പിൻഗാമികളുമായ ഭൂരിഭാഗം പണ്ഡിത ൻമാരും ഈ അഭിപ്രായമാണ് സ്വീകരിച്ചത്.



## 6) ജനാസയെ പിന്തുടരുന്നതിൽ വിരസത കാണിക്കൽ

ജനാസയെ പിന്തുടരുന്നത് മുഖേന ലഭിക്കുന്ന പ്രതിഫലം പലരും നഷ്ടപ്പെടുത്തുന്നു. അബൂഹു റൈറ(ﷺ)യിൽ നിന്നുദ്ധരിക്കുന്ന ഹദീസ് നാം വി വരിച്ചു.ഇബ്നു ഉമർ(ﷺ) ജനാസനമസ്കരിച്ചതിന് ശേഷം പിരിഞ്ഞു പോകാറുണ്ടായിരുന്നു. എന്നാ ൽ അബൂഹുറൈറ(ﷺ)വിൽ നിന്ന് ഈ ഹദീസ്കേ ട്ടതിന് ശേഷം ഖബ്ബാബ്(ﷺ)നെ നിജസ്ഥിതി അ റിയാൻ വേണ്ടി ആയിശ(ﷺ)യുടെ അടുത്തേക്ക് പറഞ്ഞയച്ചു.ശേഷം പള്ളിയിൽ നിന്ന് ഒരു കോര ൽ ചരൽ കല്ലെടുത്ത് കീഴ്മേൽ മറിച്ചു കൊണ്ടി രുന്നു. ഖബ്ബാബി(ﷺ)ൽ നിന്ന് നിജസ്ഥിതി അറി ഞ്ഞതോട് കൂടി ദുഃഖഭാരത്താൽ തന്റെ കൈയി ലുണ്ടായിരുന്ന ചരൽകല്ല് പുറത്തേക്കെറിഞ്ഞ് ഇപ്രകാരം പറഞ്ഞു. എത്ര ഖീറാത്തുകളാണ് നാം നഷ്ടപ്പെടുത്തിയത്. (ബുഖാരി:1323) പുണ്യം കരസ്ഥമാക്കാനുള്ള താൽപര്യവും അത് നഷ്ട പ്പെട്ടതിലുള്ള ദുഃഖവും നോക്കൂ. എന്നിട്ടും എത്ര പേരാണ് ഈ മഹത്തായ പ്രതിഫലം നഷ്ട പ്പെടുത്തുന്നത്.

## 7) ജനാസയെ പിന്തുടരുമ്പോൾ ശബ്ദം ഉയർത്തൽ

ഇന്ന് നാം കാണുന്നത് പോലെ ജനാസയെ പിന്തുടരുമ്പോൾ ഖുർആൻ പാരായണം, ദിക്ർ ചൊല്ലൽ പോലുള്ളവ കൊണ്ട് ശബ്ദം ഉയർത്തൽ ജനാസയെ പിന്തുടരുന്നവരെ പരലോക ചിന്തയിൽ നിന്ന് അശ്രദ്ധമാക്കും. ഇമാം നവവി(ﷺ) പറയുന്നു:

واعْلَمْ أنّ الصّوابَ والمُخْتَارَ ومَا كانَ عليْـهِ السَّـلَفُ رضي الله عنهم السُكُوتُ في حَالِ السّيْرِ مـعَ الجَنَـازَةِ فَـلاَ يُرفَـعُ صَـوْتٌ بِقِرَاءةٍ ولابِذِكْرٍ ولا غيرِ ذالك والحكمَةُ في ذالـك ظـاهرةٌ وهي أنّهُ أسْكَنُ لخَاطِرِهِ وأجمَعُ لِفِكْرِهِ فيمَا يَتَعلّقُ بالجنازةِ ( الأذكا ر باب مايقوله الماشي مع الجنازة)

“നീ മനസ്സിലാക്കുക: ജനാസയെ പിന്തുടരുമ്പോൾ ഖുർആൻ പാരായണം, ദിക്ർ ചൊല്ലൽ എന്നിവ കൊണ്ട് ശബ്ദം ഉയർത്താതെ നിശബ്ദത പാലിക്കലാണ് ശരിയായതും തെരെഞ്ഞെടുക്കപ്പെട്ടതും മുൻഗാമികൾ നിലകൊണ്ടതുമായ അഭിപ്രായം. ജനാസയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചിന്തിക്കാനും മനഃശ്ശാന്തതക്കും അതാണ് നല്ലത് എന്നതാകുന്നു ഇതിലെ തത്വം. (അൽഅദ്കാർ)



## 8) ഭൗതിക കാര്യങ്ങളിൽ മുഴുകൽ

കച്ചവടം, ചിരി, പൊട്ടിച്ചിരി തുടങ്ങി സന്തോഷമുള്ളവന്റെയടുക്കൽ നിന്ന് ചെയ്യുന്നത് പോലെയുള്ള പ്രവർത്തനങ്ങൾ പാടില്ലാത്തതും മുൻഗാമികളുടെ നിലപാടിന് വിരുദ്ധവുമാകുന്നു. സംഗീതോപകരണങ്ങളുടെ ശബ്ദം, മൊബൈൽ ഫോൺ, മ്യൂസിക് എന്നിവ ശ്മശാനങ്ങളിൽ പാടില്ലാത്തതും മുകളിൽ പറയപ്പെട്ടതിനേക്കാൾ മോശമായതുമാകുന്നു. ഇവയെല്ലാം പരലോക ചിന്തക്ക് വിഘാതം സൃഷ്ടിക്കുന്നവയാകുന്നു.

## 9) വാഹനത്തിൽ മയ്യിത്തിനെ അനുഗമിക്കൽ.

ദൂരം, പ്രായാധിക്യം പോലെയുള്ള പ്രയാസങ്ങളുണ്ടെങ്കിൽ മാത്രമേ മയ്യിത്തിനെ അനുഗമിക്കുമ്പോൾ വാഹനത്തിൽ പോകാവൂ. നടത്തമാണ് നബിചര്യയോട് കൂടുതൽ യോജിക്കുന്നത്. നബി(ﷺ) മയ്യിത്തിന്റെ കൂടെ വാഹനത്തിൽ സഞ്ചരിച്ചതായി ഹദീസിൽ വന്നിട്ടില്ല. സൗബാൻ(ﷺ)ൽ

നിന്ന് റിപ്പോർട്ട് ചെയ്യുന്ന സംഭവം ഇങ്ങിനെയാണ്: നബി(ﷺ) ജനാസയുടെ കൂടെ പോകുമ്പോൾ ഒരു വാഹനം കൊണ്ടുവരപ്പെട്ടു. എന്നാൽ നബി (ﷺ) അതിൽ കയറാൻ വിസമ്മതിച്ചു. മറമാടിയതിന് ശേഷം വാഹനം കൊണ്ടുവരപ്പെട്ടപ്പോൾ അതിൽ കയറി. വാഹനത്തിൽ കയറാതിരിക്കാനുള്ള കാരണമായി അവിടുന്ന് ഇങ്ങനെ പറഞ്ഞു: ''മലക്കുകൾ നടക്കുമ്പോൾ നാം വാഹനത്തിൽ കയറുന്നത് ശരിയല്ല. അവർ പോയപ്പോൾ ഞാൻ വാഹനത്തിൽ കയറി''. (അബൂദാവൂദ്:3177,) ഹാക്കിമും ദഹബിയും ഈ ഹദീസ് ബുഖാരി മുസ്ലിമിന്റെ നിബന്ധനയനുസരിച്ച് സ്ഥിപ്പെട്ടതാണെന്ന് പറഞ്ഞിരിക്കുന്നു. ശേഷക്രിയകൾക്ക് ശേഷം വാഹനത്തിൽ കയറുന്നത് വെറുക്കപ്പെട്ടതല്ല. നടക്കുന്നവന്റെ സ്ഥാനം മുമ്പിലും പിമ്പിലും ഇടത് വലത് ഭാഗങ്ങളിലുമാകുന്നു. എന്നാൽ വാഹനത്തിൽ സഞ്ചരിക്കുന്നവൻ മയ്യിത്തിന്റെ പുറകിൽ മാത്രമേ സഞ്ചരിക്കാവൂ. നസാഇ,അബൂദാവൂദ്,തിർമിദി എന്നിവർ മുഗീറത്തുബ്നുശുഅ്ബയിൽ നിന്നുദ്ധരിക്കുന്ന ഹദീസാകുന്നു ഇതിന്ന് തെളിവ്.

الرَّاكِبُ خَلْفَ الْجَنَازَةِ وَالْمَاشِى حَيْثُ شَاءَ مِنْهَا(أبو داوود)



''വാഹനത്തിൽ സഞ്ചരിക്കുന്നവന് മയ്യിത്തിന്റെ പുറകിലും നടക്കുന്നവന് താനുദ്ദേശിക്കുന്ന ഭാഗത്തു കൂടെയും മയ്യിത്തിനെ അനുഗമിക്കാവുന്നതാണ്.'' (അബൂദാവൂദ്: 3180)

### 10) അകാരണമായി ഖബറുകൾക്കിടയിലൂടെ ചെരിപ്പ് ധരിച്ച് നടക്കൽ

أن النبي صلى الله عليه وسلم رأى رجلا يمشي بين القبـور في نعليه فقال يَا صَاحِبَ السِّبْتِيَّتَيْنِ وَيْحَكَ أَلْقِ سِبْتِيَّتَيْكَ. فَنَظَرَ فَلَمَّا عَرَفَ رَسُولَ اللَّهِ-صلى الله عليـه وسـلم- خَلَعَ نَعْلَيْـهِ فَرَمَى بِهِمَا(أبودود-**3177**)

ഖബറുകൾക്കിടയിലൂടെ ഒരാൾ ചെരിപ്പ് ധരിച്ച് നടക്കുന്നത് കണ്ടപ്പോൾ നബി(ﷺ) പറഞ്ഞു. അല്ലയോ ചെരിപ്പ് ധരിച്ചവനെ പാദരക്ഷ ഒഴിവാക്കൂ. നബി(ﷺ)യാണെന്ന് മനസ്സിലാക്കിയ അയാൾ ചെരിപ്പൂരിയെറിഞ്ഞു (അബൂദാവൂദ്: 3177)

മുള്ള്, കഠിനചൂട് പോലുള്ളവയെ പ്രതിരോധിക്കാൻ വേണ്ടി ചെരിപ്പ് ധരിക്കാം. അബൂദാവൂദ്

(رحمه الله)പറയുന്നു: ഇമാം അഹ്മദ്(رحمه الله) ജനാസയെ പിന്തുടരുമ്പോൾ ശ്മശാനത്തിനടുത്തെത്തിയാൽ ചെരിപ്പ് അഴിക്കുമായിരുന്നു. നബിചര്യയെ അനുധാവനം ചെയ്യുന്നവർക്ക് അല്ലാഹു കരുണ ചെയ്യട്ടെ.

**11) പ്രാർത്ഥനാ സമയത്ത് ഖിബ്ലക്ക് നേരെ തിരിയാതെ മയ്യിത്തിന് നേരെ തിരിയൽ.**

ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ(رحمه الله) പറഞ്ഞു. ഇമാം മാലിക്ക്(رحمه الله),അബൂഹനീഫ(رحمه الله),ശാഫീ(رحمه الله),അഹ്മദ്(رحمه الله) എന്നീ നാല് ഇമാമുകളുടേയും മറ്റു മുസ്ലിം നേതാക്കളുടേയും അഭിപ്രായം ഒരാൾ നബി(ﷺ)ക്ക് സലാം പറഞ്ഞ് സ്വന്തത്തിന് വേണ്ടി പ്രാർത്ഥിക്കാനുദ്ധേശിച്ചാൽ അവൻ ഖിബ്ലക്ക് നേരെ തിരിയണം എന്നാകുന്നു. (നബി(ﷺ)യുടെ ഖബറിന് നേരെ തിരിഞ്ഞല്ല പ്രാർഥിക്കേണ്ടത്) എന്നാൽ മയ്യിത്തിന് വേണ്ടി പ്രാർത്ഥിക്കാനോ മയ്യിത്തിനോട് സലാം പറയാനോ വേണ്ടി ഖിബ്ലക്ക് നേരെ തിരിയൽ നിർബന്ധമില്ല. ശൈഖ്ഇബ്നുബാസും ഇതിനോട് യോജിക്കുന്നു.



**12) ഖബർ കെട്ടിപ്പൊക്കൽ.**

ഖബറാണെന്നറിയാൻ വേണ്ടി ഒരു ചാൺ മാത്രമേ ഖബർ ഉയർത്താവൂ. ഉയർത്തിയ ഖബർ നിരപ്പാക്കലാണ് നബിചര്യ.

عَنْ أَبِى الْهَيَّاجِ الأَسَدِىِّ قَالَ قَالَ لِى عَلِىُّ بْنُ أَبِى طَالِبٍ أَلاَّ أَبْعَثُكَ عَلَى مَا بَعَثَنِى عَلَيْهِ رَسُولُ اللَّهِ -صلى الله عليه وسلم- أَنْ لاَ تَدَعَ تِمْثَالاً إِلاَّ طَمَسْتَهُ وَلاَ قَبْرًا مُشْرِفًا إِلاَّ سَوَّيْتَهُ (مسلم , ابوداود)

അബുൽ ഹയ്യാജിൽ അസദി(رضي الله عنه) നിവേദനം അലി(رضي الله عنه) എന്നോട് പറഞ്ഞു: പ്രവാചക തിരുമേനി(ﷺ) എന്നെ നിയോഗിച്ച അതെ കാര്യത്തിന് ഞാൻ നിന്നെ നിയോഗിക്കട്ടെയോ? അതായത് ബിംബങ്ങൾ നശിപ്പിക്കാനും ഉയർത്തപ്പെട്ട ഖബറുകൾ നിരപ്പാക്കാനുമായിരുന്നു അത്. (മുസ്ലിം, അബൂദാവൂദ് 3218).

ഖബറാണെന്ന് തിരിച്ചറിയാൻ വേണ്ടി ഒരു ചാൺ ഉയർത്തലാണ് നബിചര്യ. സ്വഹാബാക്കൾ അപ്രകരമാണ് ചെയ്തതും.

**13) മണ്ണ് കോരിയിടുമ്പോൾ ആയത്ത് പാരായണം ചെയ്യൽ.**

ഒന്നാമത്തെ കോരലിൽ منهاخلقناكم

രണ്ടാമത്തെ കോരലിൽ وفيهانعيدكم

മൂന്നാമത്തെ കോരലിൽ ومنهانخرجكم تارة أخرى

ഇവ്വിഷയകമായി വന്ന ഹദീസുകൾ ദുർബലമാകുന്നു. ഇബ്നു ഉമർ(ﷺ) ഉദ്ധരിക്കുന്ന താഴെ കൊടുത്ത ഹദീസ് മാത്രമാണ് സ്ഥിരപ്പെട്ടു വന്നിരിക്കുന്നത്.

عَنِ ابْنِ عُمَرَ ، قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : إِذَا وَضَعْتُمْ مَوْتَاكُمْ فِي الْقُبُورِ ، فَقُولُوا : بِسْمِ اللَّهِ وَعَلَى سُنَّةِ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسلم (ابوداود:**3213**)

ഇബ്നു ഉമർ(ﷺ) നിവേദനം: നബി(ﷺ) അരുളി നിങ്ങൾ മയ്യിത്തിനെ ഖബറിലേക്ക് വെക്കുമ്പോൾ അല്ലാഹുവിന്റെ നാമത്തിലും നബിയുടെ മാർഗത്തിലുമെന്ന് പറയുക. മറ്റൊരു റിപ്പോർട്ടിൽ മാർ



ഗമെന്നതിന് പകരം ملة (ചര്യ) എന്നും വന്നിട്ടുണ്ട് (അബൂദാവൂദ് :3213).

**14) ഖബറിന്റെ മുകളിൽ ഇരിക്കുകയോ ചെരിപ്പിട്ട് ചവിട്ടുകയോ ചെയ്യൽ.**

أَبِي هُرَيْرَةَ " { لَأَنْ يَجْلِسَ أَحَدُكُمْ عَلَى جَمْرَةٍ فَتُحْرِقَ ثِيَابَهُ فَتَخْلُصَ إِلَى جِلْدِهِ خَيْرٌ لَهُ مِنْ أَنْ يَجْلِسَ عَلَى قَبْرٍ} أَخْرَجَهُ

( مُسْلِم , ابوداود **3228**)

അബൂഹുറൈറ(ﷺ) വിൽ നിന്ന് നിവേദനം നബി (ﷺ) അരുളി: നിങ്ങളിലൊരാൾ തീക്കട്ടയിലിരിക്കുകയും ശേഷം വസ്ത്രം കരിച്ചുകളയുകയും എന്നിട്ട് അത് തൊലിയിലേക്കെത്തുകയും ചെയ്യലാണ് ഖബറിന്ന് മീതെ ഇരിക്കുന്നതിനേക്കാൾ അയാൾക്ക് നല്ലത്. (മുസ്ലിം, അബൂദാവൂദ് 3228).

**15) വിലപിച്ച് കരയൽ**

رَسُولَ اللَّهِ -صلى الله عليه وسلم- يَقُولُ « مَنْ نِيحَ عَلَيْهِ

فَإِنَّهُ يُعَذَّبُ بِمَا نِيحَ عَلَيْهِ يَوْمَ الْقِيَامَةِ (صحيح مسلم)

''മുഗീറത്ത്ബ്നുശുഅ്ബ(ﷺ) നിവേദനം: ഒരാൾ മയ്യിത്തിന്റെ പേരിൽ വിലപിച്ച് കരഞ്ഞാൽ അത് മൂലം ഉയർത്തെഴുന്നേൽപ്പിന്റെ ദിവസം മയ്യിത്ത് ശിക്ഷിക്കപ്പെടും.''(സ്വഹീഹ് മുസ്ലിം) എന്നാൽ തേങ്ങിക്കരയരുതെന്നൊരാൾ വസിയ്യത്ത് ചെയ്താൽ അയാൾ ശിക്ഷയിൽ നിന്നൊഴിവാക്കപ്പെടുമെന്ന് പണ്ഡിതൻമാർ അഭിപ്രായപ്പെടുന്നു. ''ഒരാളുടേയും പാപഭാരം മറ്റൊരാൾ വഹിക്കുകയില്ല.'' (ഫാത്വിർ: 18) എന്ന ആയത്താകുന്നു ഇതിന്ന് തെളിവ്. ശബ്ദമുയർത്താതെ കരയുന്നതിൽ തെറ്റില്ല താഴെ കൊടുത്ത തിരുവചനം നോക്കുക:

إِنَّ اللهَ لاَ يُعَذِّبُ بِدَمْعِ الْعَيْنِ ، وَلاَ بِحُزْنِ الْقَلْبِ ، وَلَكِنْ يُعَذِّبُ بِهَذَا - وَأَشَارَ إِلَى لِسَانِهِ - أَوْ يَرْحَمُ (بخاري :1304)

കണ്ണുനീരൊഴുകുന്നത് കൊണ്ടോ ഹൃദയം തപിക്കുന്നത് കൊണ്ടോ അല്ലാഹു ശിക്ഷിക്കുകയില്ല. എന്നാൽ ഇത് മുഖേനയാണ് ശിക്ഷിക്കപ്പെ



ടുന്നതും കരുണചെയ്യപ്പെടുന്നതും എന്ന് പറഞ്ഞ് അവിടുന്ന് നാവിലേക്ക് ചൂണ്ടി. (ബുഖാരി 1304)

**16) അനുശോചനം മൂന്ന് ദിവസത്തിൽ മാത്രം പരിമിതപ്പെടുത്തൽ.**

ദുഃഖത്തിന്റെ സ്വഭാവമനുസരിച്ച് ക്ഷമിക്കാനും സഹിക്കാനും ആവശ്യപ്പെടുകയും സമാശ്വസിപ്പിക്കുകയും ചെയ്യാവുന്നതാണ്. മൂന്ന് ദിവസത്തിൽ മാത്രം പരിമിതപ്പെടുത്തണമെന്ന ഹദീസ് അടിസ്ഥാനരഹിതമാകുന്നു. ദുഃഖബാധിതൻ രണ്ട് ദിവസം കൊണ്ട് തന്നെ മറന്നാൽ അനുശോചനം ആവശ്യമില്ല. അനാവശ്യമായ അനുശോചനം ദുഃഖം തിരിച്ചു കൊണ്ടു വന്നേക്കാം.

**17) അനുശോചനസമയം.**

മറമാടിയതിന് ശേഷമേ അനുശോചിക്കാവൂ എന്ന് ചിലർ തെറ്റിദ്ധരിച്ചിരിക്കുന്നു. വിഷമം ബാധിക്കുന്ന സമയം മുതൽ അനുശോചിക്കാവുന്നതാണ്. ഇമാം നവവി(ﷺ) പറയുന്നു.

واعْلَمْ أَنَّ التَعْزِيَةَ مُسْتَحَبَّةٌ قبلَ الدَّفْنِ وبَعْدَهُ

അറിയുക: അനുശോചനം മറമാടിയതിന്ന് ശേഷ വും മുമ്പും സുന്നത്താണ്.

**18) മയ്യിത്തിന്റെ കുടുംബങ്ങളിൽ ഒരുമിച്ചു കൂട ലും അവർ ജനങ്ങൾക്ക് ഭക്ഷണമുണ്ടാക്കി കൊടുക്കലും.**

وَلم يَكُنْ مِنْ هَدْيِهِ أنْ يَجْتَمِعَ لِلْعَزاءِ ويُقرَأَ له القرآنُ لا عند قبْرِهِ ولا غيره وكلُّ هذا بِدْعة حادثة مكروهةٌ (زاد المعاد

– في باب زيارة القبور)

''അനുശോചനത്തിന് വേണ്ടി ഖബറിന്നടുത്തോ മറ്റോ ഒരുമിച്ചു കൂടി ഖുർആൻ പാരായണം ചെ യ്യുന്നത് നബിചര്യയിലില്ലാത്തതും വെറുക്കപ്പെട്ട തുമാകുന്നു.'' (സാദുൽമആദ് 1/527)

**19) സ്ത്രീ ഖബർ സന്ദർശിക്കൽ**

സ്ത്രീ ഖബർസന്ദർശിക്കൽ സുന്നത്തില്ലെ ന്ന് മാത്രമല്ല നിഷിദ്ധവും കൂടിയാണ്. നബി(ﷺ) യുടെ ഖബറെന്നോ മറ്റുള്ളവയെന്നോ ഇക്കാര്യ ത്തിൽ വ്യത്യാസമില്ല.



عَنِ ابْنِ عَبَّاسٍ ، قَالَ : لَعَنَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ ، زَائِرَاتِ الْقُبُورِ ، وَالْمُتَّخِذِينَ عَلَيْهَا الْمَسَاجِدَ وَالسُّرجَ (ابوداود

**(3237**:

ഇബ്നു അബ്ബാസ്(رضي الله عنه) വിൽ നിന്ന് നിവേദനം: ഖ ബ്ർ സന്ദർശിക്കുന്ന സ്ത്രീകളേയും അതിൽ പ ള്ളികളുണ്ടാക്കുകയും വിളക്ക് വെക്കുകയും ചെ യ്യുന്നവരേയും നബി(ﷺ) ശപിച്ചിരിക്കുന്നു (അബൂ ദാവൂദ് 3237).

**20) വെള്ളിയാഴ്ച മാത്രം ഖബ്ർ സന്ദർശിക്കൽ**

ഖബറാളികൾ സന്ദർശകരെ തിരിച്ചറിയുമെ ന്ന തെററുധാരണയാണ് ചിലർ ഈ ദിവസം മാ ത്രം ഖബർ സന്ദർശനത്തിന് തെരെഞ്ഞെടുക്കാൻ കാരണം. എന്നാൽ ഇത് നബിചര്യയിൽ സ്ഥിര പ്പെടാത്തതും വെറുക്കപ്പെട്ട അനാചാരവുമാകു ന്നു. അബൂഹുറൈറ(رضي الله عنه)യിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്ന താഴെ കൊടുത്ത ഹദീസാകട്ടെ ദുർബ ലവുമാകുന്നു.

(معجم الكبير للطبراني)" مَنْ زَارَ قَبْرَ أَبَوَيْـهِ أَوْ أَحَـدِهِمَا فِي كُلِّ جُمُعَةٍ غُفِرَ لَهُ وَكُتِبَ بَرًّا "

ഒരാൾ തന്റെ മാതാപിതാക്കളുടെയോ അവരിൽ ഒരാളുടേയോ ഖബ്ർ എല്ലാ വെള്ളിയാഴ്ചയും സന്ദർശിച്ചാൽ അവന് പൊറുത്തു കൊടുക്കുകയും അവനെ മാതാപിതാക്കളോടുള്ള ബാധ്യത നിറവേററിയവനായി രേഖപ്പെടുത്തുകയും ചെയ്യും. ഇമാം അബൂഹാതിം(ﷺ)പറയുന്നു: ഈ ഹദീസ് നിർമ്മിതവും അങ്ങേയറ്റം വെറുക്കപ്പെട്ടതുമാകുന്നു. ചുരുക്കത്തിൽ വെള്ളിയാഴ്ച മാത്രം ഖബ്ർ സന്ദർശിക്കുന്നതിന് പ്രമാണങ്ങളുടെ പിൻബലമില്ല.

## 21) ജനാസ നിലത്ത് വെക്കുന്നതിന് മുമ്പ് ഇരിക്കൽ

وَعَنْ أَبِي سَعِيدٍ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ : { إِذَا رَأَيْتُمْ الْجِنَازَةَ فَقُومُوا ، فَمَنْ تَبِعَهَا فَلَا يَجْلِسْ حَتَّى تُوضَعَ } مُتَّفَقٌ عَلَيْهِ.



അബൂസഈദിൽ ഖുദ്‌രി(ﷺ) വിൽ നിന്ന് നിവേദനം: നിങ്ങൾ മയ്യിത്തിനെ ദർശിച്ചാൽ എണീറ്റ് നിൽക്കുവീൻ. ആരെങ്കിലും ജനാസയെ പിന്തുടർന്നാൽ അവൻ ജനാസ നിലത്ത് വെക്കുന്നത് വരെ ഇരിക്കരുത്. (മുത്തഫക്കുൻ അലൈഹി)

ഈ ഹദീസിന്റെ അടിസ്ഥാനത്തിൽ ജനാസയെ പിന്തുടരുന്നവൻ ജനാസ നിലത്ത് വെക്കുന്നതിന് മുമ്പ് ഇരിക്കുന്നത് ഭൂരിഭാഗം പണ്ഡിതൻമാരും വെറുക്കപ്പെട്ടതായി അഭിപ്രായപ്പെട്ടിരിക്കുന്നു.

## 22) പദപരമായ ചില തെറ്റുകൾ

ഇവ ധാരാളമാകുന്നു. അവയിൽ നാലെണ്ണത്തിലേക്ക് നാം വെളിച്ചം വീശുന്നു.

المغفـور له (അല്ലാഹു പൊറുത്തു കൊടുത്തിരിക്കുന്നു), المرحـوم (അല്ലെങ്കിൽ കരുണ ചെയ്തിരിക്കുന്നു) എന്ന് പറയൽ. ഇങ്ങനെ പറയൽ വെറുക്കപ്പെട്ടതാണ്. കാരണം ആർക്കാണ് സ്വർഗം, നരകം, പാപമോചനം, കരുണ ചെയ്തത് എന്നൊന്നും നമുക്കറിയുകയില്ല. എന്നാൽ അല്ലാഹു ക

രുണ ചെയ്യട്ടെ, പൊറുത്തു കൊടുക്കട്ടെ എന്ന് പറയുന്നതിൽ തെറ്റില്ല.

**ഒരാൾ തന്റെ അവസാന സ്ഥലത്തേക്ക് നീങ്ങി എന്ന് പറയൽ.**

പത്ര മാസികകളിലും പൊതുജനത്തിനിടയിലും പ്രചുരപ്രചാരം നേടിയ ഒരു പ്രയോഗമാകുന്നു ഇത്. പുനരുത്ഥാനത്തെ നിഷേധിക്കുന്ന ഗുണകരമല്ലാത്ത ഒരു പ്രയോഗമാകുന്നു ഇത്. കാരണം ഖബ്ർ മനുഷ്യന്റെ അവസാന സ്ഥലമല്ല. അതിനാൽ ഒഴിവാക്കലാണ് നല്ലത്.

حللوه أو أبيحوه (അദ്ദേഹത്തിന് ഹലാലാക്കി കൊടുക്കുക, അനുവദിച്ചു കൊടുക്കുക)

എന്ന് പറയൽ ഖബറിന്നടുത്ത് വെച്ചുള്ള ചിലരുടെ സംസാരമാകുന്നു ഇത്. മയ്യിത്തിനെക്കുറിച്ച് മോശമായ വിചാരമുണ്ടാക്കുന്നതാണ് ഈ പദം. മയ്യിത്ത് അക്രമിയാണെങ്കിൽ മേൽ സംസാരത്തിന് ദോഷമില്ല. അല്ലെങ്കിൽ താഴെ വരുന്ന ഹദീസിൽ വന്നത്പോലെ പാപമോചനത്തിലും പ്രാർത്ഥനയിലും പരിമിതപ്പെടുത്തലാണ് വിശ്വാസികൾക്ക് കരണീയമായിട്ടുള്ളത്.



وَعَنْ عُثْمَانَ رَضِيَ اللَّهُ عَنْهُ قَالَ { : كَانَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ إذَا فَرَغَ مِنْ دَفْنِ الْمَيِّتِ وَقَفَ عَلَيْهِ وَقَالَ : اسْتَغْفِرُوا ؛ لِأَخِيكُمْ وَاسْأَلُوا لَهُ التَّثْبِيتَ ، فَإِنَّهُ الْآنَ يُسْأَلُ } رَوَاهُ أَبُو دَاوُد ، وَصَحَّحَهُ الْحَاكِمُ . (ابوداود)

നബി(ﷺ) മറമാടിയതിന് ശേഷം അൽപസമയം അവിടെ നിൽക്കുകയും ഇങ്ങിനെ പറയുകയും ചെയ്യാറുണ്ടായിരുന്നു: ''നിങ്ങൾ നിങ്ങളുടെ സഹോദരന്ന് വേണ്ടി പാപമോചനം തേടുകയും അവന്റെ പാദങ്ങൾക്ക് സ്ഥൈര്യം ലഭിക്കാൻ വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക. നിശ്ചയം അവൻ ഇപ്പോൾ ചോദ്യം ചെയ്യപ്പെടും.''(അബൂദാവൂദ് )

**അയാൾക്കത് സംഭവിക്കാൻ പാടില്ലായിരുന്നു എന്ന് പറയൽ.**

ആളുകൾ പറയുന്ന ഈ വാചകം കൊണ്ട് എന്താണുദ്ദേശിക്കുന്നതെന്നറിയില്ല. ദൈവ വിധിക്കെതിർ പ്രവർത്തിക്കാൻ സാധിക്കുമെന്നോ അല്ലാഹുവിന്നറിയാത്തത് തനിക്കറിയുമെന്ന വിചാരമാണോ അതോ അല്ലാഹു മരിച്ചവനോട് തെറ്റ്

ചെയ്തു എന്ന ജൽപനമാണോ ഇങ്ങനെ പറയാൻ പ്രേരിപ്പിക്കുന്നത്.? എന്തായാലും ഇത്തരം പ്രയോഗങ്ങൾ ഇരുട്ടുകൾക്ക് മീതെയുള്ള ഇരുട്ടുകൾ തന്നെ.വിശ്വാസിക്ക് എല്ലാം നന്മയാണെന്ന് മനസ്സിലാക്കി അല്ലാഹുവിന്റെ അലംഘനീയമായ വിധിയിൽ തൃപ്തമാവുകയാണ് നാം ചെയ്യേണ്ടത്.

**ഇമാമിന്റെ വലതുഭാഗത്തും ഇടതു ഭാഗത്തും അണിയായി നിൽക്കൽ.**

പ്രവാചകചര്യയനുസരിച്ച് എല്ലാ നമസ്കാരങ്ങളിലും ഇമാമിന്റെ പുറകിലാണ് മഅ്മൂമുകൾ നിൽക്കേണ്ടത് മയ്യിത്ത് നമസ്കാരത്തിന്നും തഥൈവ. സൗകര്യക്കുറവു കൊണ്ടോ മറ്റോ അങ്ങിനെ അണി നിൽക്കുന്നതിൽ തെറ്റില്ല.



## സുന്നത്തുകൾ

**ശേഷക്രിയകൾ ധൃതിയിലാക്കൽ**

عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ – قَالَ رسول الله صلى الله عليه وسلم « أَسْرِعُوا بِالْجَنَازَةِ فَإِنْ تَكُ صَالِحَةً فَخَيْرٌ تُقَدِّمُونَهَا إِلَيْهِ وَإِنْ تَكُ سِوَى ذَلِكَ فَشَرٌّ تَضَعُونَهُ عَنْ رِقَابِكُم( بخاري مسلم)

അബൂഹുറൈറ(ﷺ) പറയുന്നു: നബി(ﷺ) പറഞ്ഞു: നിങ്ങൾ മയ്യിത്ത് ധൃതിയിൽ കൊണ്ട് പോകുവീൻ. നല്ലതാണെങ്കിൽ അതിനോട് നിങ്ങൾ ചെയ്യുന്ന നൻമയാണത്. ചീത്തയാണെങ്കിൽ നിങ്ങളുടെ പിരടിയിൽ നിന്ന് അതിനെ ഇറക്കി വെക്കുകയും ചെയ്യാമല്ലോ. ( ബുഖാരി, മുസ്‌ലിം)

**മറമാടിയതിന് ശേഷം മയ്യിത്തിനടുത്ത് നിന്ന് പ്രാർത്ഥിക്കൽ.**

وَعَنْ عُثْمَانَ رَضِيَ اللهُ عَنْهُ قَالَ { : كَانَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ إِذَا فَرَغَ مِنْ دَفْنِ الْمَيِّتِ وَقَفَ عَلَيْهِ وَقَالَ :

اسْتَغْفِرُوا ؛ لِأَخِيكُمْ وَاسْأَلُوا لَهُ التَّثْبِيتَ ، فَإِنَّهُ الْآنَ يُسْأَلُ } رَوَاهُ أَبُو دَاوُد ، وَصَحَّحَهُ الْحَاكِمُ (أبو داود ).

നബി(ﷺ) മറമാടിയതിന് ശേഷം അൽപസമയം അവിടെനിൽക്കുകയും ഇങ്ങനെ പറയുകയും ചെയ്യാറുണ്ടായിരുന്നു: ‘‘നിങ്ങൾ നിങ്ങളുടെ സഹോദരന് വേണ്ടി പാപമോചനം തേടുകയും അവന്റെ പാദങ്ങൾക്ക് സ്ഥൈര്യം ലഭിക്കാൻവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക; നിശ്ചയം അവൻ ഇപ്പോൾ ചോദ്യം ചെയ്യപ്പെടും’’.(അബൂദാവൂദ്:3221)

**ഖബ്ർ ആഴവും വീതിയും കൂട്ടൽ**

حديثه صلى الله عليه وسلم في قتلى أحد احفروا وأوسعوا وأعمقوا (أبو داود والترمذي)

നബി(ﷺ)പറഞ്ഞു: ‘‘ഖബർ ആഴവും വീതിയും കൂട്ടി വിശാലമാക്കുവീൻ’’(അബൂദാവൂദ്,തിർമിദി)

**മയ്യിത്തിനെ ഖബറിൽ വലതുഭാഗം ചെരിച്ച് ഖിബ്‌ലക്ക് നേരെ കിടത്തൽ**

الكعبة قبلتكم أحياء وأمواتا(بيهقي)



‘‘അബൂഹുറൈറ(ﷺ)യിൽ നിന്ന് നിങ്ങൾ ജീവിച്ചിരിക്കുമ്പോഴും മരിച്ചതിന് ശേഷവും കഅ്ബയാകുന്നു നിങ്ങളുടെ ഖിബ്‌ല’’

ഹാകിം(ﷺ) പറയുന്നു: ഇതിലെ നിവേദകൻമാരെ ബുഖാരിയും മുസ്‌ലിമും തെളിവിന് സ്വീകരിച്ചിരിക്കുന്നു.

**ഖബറിലേക്ക് വെക്കുമ്പോൾ കാലിൻെറ ഭാഗത്തു കൂടി വെക്കൽ.**

ഇബ്നുഹസം(ﷺ) മുഹല്ലയിൽ പറയുന്നു: ഹാരിസുൽഖാരിഫിയെ ഖബറിലേക്ക് വെച്ചപ്പോൾ കാലിൻെറ ഭാഗത്തുകൂടി ഖബറിലേക്ക് പ്രവേശിപ്പിച്ചതായി സ്വഹാബിയായ അബ്ദുല്ലാഹിബ്നു സൈദ്(ﷺ)വിൽ നിന്നും സ്ഥിരപ്പെട്ട റിപ്പോർട്ട് വന്നിരിക്കുന്നു. (മുഹല്ല ഇബ്നു ഹസം 5/178)

ഇബ്നുഹജർ(ﷺ) തൻെറ ‘ദിറായ’ എന്ന ഗ്രന്ഥത്തിലും ഇതിന്റെ പരമ്പര സ്ഥിരപ്പെട്ടതാണെന്ന് പറയുന്നു. (അദ്ദിറായ 1/24 )

**മയ്യിത്തിനെ ഖബറിലേക്കിറക്കുമ്പോൾ**

بِسْمِ اللهِ وَعَلَى مِلَّةِ رَسُولِ اللهِ صَلَّى اللهُ عَلَيْه وَسَلَّمَ:

എന്ന് ചൊല്ലൽ.

(ഹദീസും അർത്ഥവും മുകളിൽ കൊടുത്തിരിക്കുന്നു)

**ഖബറിൻെറ മുകളിൽ വെള്ളമൊഴിക്കലും ചരൽക്കല്ലുകൾ ഇടുകയും ചെയ്യൽ:**

رُشَّ عَلَى قَبْرِهِ الْمَاءُ ، وَوُضِعَ عَلَيْهِ حَصْبَاءُ مِنْ حَصْبَاء الْعَرْصَةِ ، وَرُفِعَ قَبْرُهُ قَدْرَ شِبْرٍ.

നബി(ﷺ) തൻെറ മകൻ ഇബ്റാഹീമിന്റെ ഖബറിന്ന് മീതെ വെള്ളമൊഴിക്കുകയും ചരൽക്കല്ല് വിതറുകയും ചെയ്തു എന്ന മുകളിലെ ഹദീസ് ദുർബലമാണെങ്കിലും നബി(ﷺ) സഅദുബ്നുമുആദ് (رضي الله عنه) ഉസ്മാനുബ്നുമള്ഊൻ(رضي الله عنه) എന്നിവരുടെ ഖബറിന്ന് മീതെ അപ്രകാരം ചെയ്തതായി സ്ഥിരപ്പെട്ടു വരികയും മുസ്ലീങ്ങൾ അതൊരു ചര്യയായി സ്വീകരിക്കുകയും ചെയ്തു. – (സഅദ്ബ്നു



മുആദ്(رضي الله عنه) വിന്റെ സംഭവം ഇബ്നു മാജഃ ജനാസയിൽ നോക്കുക :വിവർത്തകൻ)

**നാലിലധികം തക്ബീർ ചൊല്ലൽ**

കുട്ടികൾ, പൊതുജനം, പുണ്യവാളൻമാരായ പണ്ഡിതൻമാർ ഇവർക്കെല്ലാം ഒരേ രീതിയിൽ തന്നെ തക്ബീർ ചൊല്ലണമെന്നതിന് രേഖയില്ല

كَانَ زَيْدُ بْنُ أَرْقَمَ رَضِيَ اللهُ عَنْهُ يُكَبِّرُ عَلَى جَنَائِزِنَا أَرْبَعًا ، وَأَنَّهُ كَبَّرَ عَلَى جِنَازَةٍ خَمْسًا ، فَسَأَلْته فَقَالَ : كَانَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ يُكَبِّرُهَا ، ( رَوَاهُ مُسْلِمٌ ، بلوغ المرام جنائز **29**)

സൈദ്ബ്നുഅർഖം(رضي الله عنه) മയ്യിത്ത് നമസ്കാരത്തിന് സാധാരണ നാല് തക്ബീർ ചൊല്ലാറുണ്ടായിരുന്നു. ഒരിക്കൽ അഞ്ച് തക്ബീർ ചൊല്ലി. അതിനെക്കുറിച്ച് ഞാൻ (അബ്ദുറഹ്മാനുബ്നിഅബീ ലൈല) അദ്ദേഹത്തോട് ചോദിച്ചപ്പോൾ നബി(ﷺ) അപ്രകാരം ചെയ്യാറുണ്ടായിരുന്നു എന്നദ്ദേഹം പറഞ്ഞു.

عَنْ عَبْدِ اللهِ بن مَعْقِلٍ، أَنَّ عَلِيًّا رَضِيَ اللهُ تَعَالَى عَنْهُ صَلَّى عَلَى سَهْلِ بن حُنَيْفٍ، فَكَبَّرَ عَلَيْهِ سِتًّا، ثُمَّ الْتَفَتَ إِلَيْنَا , فَقَالَ:"إِنْهُ بَدْرِيٌّ ، ( بلوغ المرام جنائز **30**)

അബ്ദുല്ലാഹിബ്നു മഅ്ഖൽ ഉദ്ധരിക്കുന്നു: അലി (ﷺ) സഹ്ലുബ്നുഹുനൈഫ് (ﷺ)വിന്റെ മയ്യിത്ത് നമസ്കരിച്ചപ്പോൾ ആറ് തക്ബീർ ചൊല്ലി. ശേഷം ഞങ്ങളിലേക്ക് തിരിഞ്ഞ് ഇപ്രകാരം പറഞ്ഞു: അദ്ദേഹം ബദ്റിൽ പങ്കെടുത്ത സഹാബിയാകുന്നു.

**ഖബറിന്നടുത്ത് വെച്ച് ചിലപ്പോൾ ഉപദേശം നൽകൽ**

ഖബറിനടുത്ത് വെച്ച് ഒന്നിലധികം പ്രാവശ്യം പ്രവാചകൻ(ﷺ) ഉപദേശം നൽകിയതായി കാണാവുന്നതാണ്. ശൈഖ് ഇബനുബാസും ഇത് മതപരമായ കാര്യം തന്നെ എന്നഭിപ്രായപ്പെട്ടിരിക്കുന്നു.

**ജനാസ ചുമക്കുന്നതിൽ പങ്ക് ചേരൽ.**

ഇത് സാമൂഹ്യബാധ്യതയാകുന്നു. പ്രതിഫലാർഹമായതിനാൽ പങ്ക്ചേരുക.



**സ്ത്രീയെ ഖബറിലേക്കിറക്കുമ്പോൾ മറയിടൽ**

കാരണം സ്ത്രീ ഔറത്താണ് (എന്നാൽ ചില സ്ഥലങ്ങളിൽ കാണുന്നത് പോലെ എല്ലാ മയ്യിത്തും ഖബറിലേക്ക് വെക്കുമ്പോൾ മറയിടുന്നതിന് പ്രമാണമില്ല വിവ:)

**കല്ലോ മണ്ണോ ഇഷ്ടികയോ തലക്ക് താഴെ വെക്കൽ**

മുതുകിന്റെ പുറകിൽ മണ്ണ് വെക്കുന്നത് മൂലം മുഖവും മുതുകും യഥാസ്ഥാനത്ത് നിന്ന് തെറ്റാതിരിക്കാൻ സഹായകമാകും.

**പ്രാർത്ഥിക്കാൻ വേണ്ടി അൽപസമയം ഖബറിന്നടുത്ത് നിൽക്കൽ.**

വിഷയ സംബന്ധമായി നബി(ﷺ)യിൽ നിന്ന് സ്ഥിരപ്പെട്ട ഹദീസ് വന്നിരിക്കുന്നു.

**വിപത്തിൽ തൃപ്തിയടയൽ.**

ഇതിന്ന് സാധ്യമല്ലെങ്കിൽ ക്ഷമ അനിവാര്യമാണെന്ന് ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ്യ (ﷺ) പ്രമാണ സഹിതം സമർത്ഥിക്കുന്നു.

അവസാനമായി,

മുസ്‌ലിം സഹോദരാ ഇഹലോകത്തെ വിപത്തുക്കളിൽ ഏറ്റവും വലുത് നിന്റെ മരണവും കർമങ്ങൾ മുറിഞ്ഞ് പോകലുമാകുന്നു. അതിനാൽ പരലോകത്ത് രക്ഷപ്പെടാൻ വേണ്ടി സൽകർമങ്ങളിൽ നിരതനാവുക. ഇവിടെ കർമവേദിയാകുന്നു. നാളെ വിചാരണയാകുന്നു കർമമില്ല. നാഥനിൽ അഭയം. ഈ ഗ്രന്ഥത്തിലെ ശരി അല്ലാഹുവിൽ നിന്നും തെറ്റ് എന്നിൽ നിന്നും പിശാചിൽ നിന്നുമാകുന്നു. ഞാൻ അല്ലാഹുവിനോട് പാപമോചനം തേടുന്നു. അവന്റെ കൽപനകൾ അനുസരിച്ച് നബി(ﷺ) യുടെ ചര്യ പിൻപറ്റുന്നവരിൽ അല്ലാഹു നമ്മെ ഉൾപ്പെടുത്തകയും ചെയ്യട്ടെ! നബി(ﷺ)യിലും അനുചരൻമാരിലും അല്ലാഹുവിന്റെ കരുണയും രക്ഷയുമുണ്ടാവട്ടെ.



**ഏതൊരു ദേഹവും മരണം ആസ്വദിക്കുന്നതാണ്. നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ മാത്രമേ നിങ്ങൾക്ക് പൂർണ്ണമായി നൽകപ്പെടുകയുള്ളൂ. അപ്പോൾ ആർ നരകത്തിൽ നിന്ന് അകറ്റിനിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയം നേടുന്നത്. ഐഹികജീവിതം കബളിപ്പിക്കുന്ന ഒരു വിഭവമല്ലാതെ മറ്റൊന്നുമല്ല. (ആലുഇംറാൻ :183) എന്നാൽ അത് (ജീവൻ) തൊണ്ടക്കുഴിയിൽ എത്തുമ്പോൾ എന്തുകൊണ്ടാണ് (നിങ്ങൾക്കത് പിടിച്ചു നിർത്താനാകാത്തത്?) *നിങ്ങൾ അന്നേരത്ത് നോക്കിക്കൊണ്ടിരിക്കുമല്ലോ* നാമാണ് ആ വ്യക്തിയെ സംബന്ധിച്ചിടത്തോളം നിങ്ങളെക്കാളും അടുത്തവൻ. പക്ഷെ നിങ്ങൾ കണ്ടറിയുന്നില്ല. *അപ്പോൾ നിങ്ങൾ (ദൈവിക നിയമത്തിന്) വിധേയരല്ലാത്തവരാണെങ്കിൽ* നിങ്ങൾക്കെന്തുകൊണ്ട് അത് (ജീവ ൻ) മടക്കി എടുക്കാനാവുന്നില്ല; നിങ്ങൾ സത്യവാദികളാണെങ്കിൽ. (വാഖിഅ 8387)**

| ഉള്ളടക്കം | പേജ് |
|---|---|
| വിവർത്തകക്കുറിപ്പ് | 3 |
| **പാടില്ലാത്തവ** | 5 |
| • മയ്യിത്ത് നമസ്കാരം നിർവ്വഹിക്കുന്നതിനെ നിസ്സാരമാക്കൽ. | 5 |
| • എല്ലാ തക്ബീറിലും കൈ ഉയർത്താതിരിക്കൽ. | 6 |
| • നമസ്കാരം പിന്തിപ്പിക്കൽ. | 8 |
| • പ്രാരംഭ പ്രാർത്ഥന ചൊല്ലൽ. | 9 |
| • ജനാസയെ പിന്തുടരുന്നതിൽ വിരസത കാണിക്കൽ | 10 |
| • ജനാസയെ പിന്തുടരുമ്പോൾ ശബ്ദം ഉയർത്തൽ | 11 |
| • ഭൗതിക കാര്യങ്ങളിൽ മുഴുകൽ | 12 |
| • വാഹനത്തിൽ മയ്യിത്തിനെ അനുഗമിക്കൽ. | 12 |
| • അകാരണമായി ഖബറുകൾക്കിടയിലൂടെ ചെരിപ്പ് ധരിച്ച് നടക്കൽ | 14 |
| • പ്രാർത്ഥനാ സമയത്ത് ഖിബ്‌ലക്ക് നേരെ തിരിയാതെ മയ്യിത്തിന് നേരെ തിരിയൽ. | 15 |





| | |
|---|---|
| • ഖബർ കെട്ടിപ്പൊക്കൽ. | 16 |
| • മണ്ണ് കോരിയിടുമ്പോൾ ആയത്ത് പാരായണം ചെയ്യൽ. | 17 |
| • ഖബറിന്റെ മുകളിൽ ഇരിക്കുകയോ ചെരിപ്പിട്ട് ചവിട്ടുകയോ ചെയ്യൽ. | 18 |
| • വിലപിച്ച് കരയൽ | 18 |
| • അനുശോചനം മൂന്ന് ദിവസത്തിൽ മാത്രം പരിമിതപ്പെടുത്തൽ. | 20 |
| • അനുശോചന സമയം. | 20 |
| • മയ്യിത്തിന്റെ കുടുംബങ്ങളിൽ ഒരുമിച്ചുകൂടലും അവർ ജനങ്ങൾക്ക് ഭക്ഷണമുണ്ടാക്കി കൊടുക്കലും. | 21 |
| • സ്ത്രീ ഖബർ സന്ദർശിക്കൽ | 21 |
| • വെള്ളിയാഴ്ച മാത്രം ഖബ്ർ സന്ദർശിക്കൽ. | 22 |
| • ജനാസ നിലത്ത് വെക്കുന്നതിന് മുമ്പ് ഇരിക്കൽ. | 23 |
| • പദപരമായ ചിലതെറ്റുകൾ | 24 |
| **സുന്നത്തുകൾ** | 28 |
| ഉള്ളടക്കം | 37 |